# # Palakkad Police Action #

## *<u>കാറിൽനിന്നു സ്വർണം കവർന്ന സംഘത്തിലെ രണ്ടുപേർ പിടിയിൽ</u>*

നിർത്തിയിട്ട കാറിന്റെ ചില്ല് തകർത്ത് 22 പവൻ സ്വർണം കവർന്ന സംഭവത്തിൽ രണ്ടുപേരെ ടൗൺ സൗത്ത് പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് മധുര കടച്ചന്തൽ സ്വദേശി മുരുകൻ(33), കോയമ്പത്തൂർ സുലൂർ കണ്ണംപാളയം സ്വദേശി ശിവ(32) എന്നിവരാണ് അറസ്റ്റിലായത്. നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ എത്തിയവരുടെ കാറിൽ നിന്നാണു പണം കവർന്നത്. മധുരയിൽ നിന്നു കാർ എടുത്തു കേരളത്തിലെത്തിയ പ്രതികൾ വാളയാർ, ആലത്തൂർ, വടക്കഞ്ചേരി ഭാഗങ്ങളിൽ സഞ്ചരിച്ച് ഏഴോളം കാറുകൾ തകർത്തു കവർച്ചാ ശ്രമം നടത്തിയിരുന്നു.

ജില്ലാ പോലീസ് മേധാവിയുടെ നിർദേശത്താൽ സൗത്ത് ഇൻസ്പെക്ടർ മനോജ് കുമാർ, എസ്ഐമാരായ മുരളീധരൻ, അൻഷദ്, എസ്സിപിഒ ബാലകൃഷ്ണൻ, ക്രൈം സ്ക്വാഡ് അംഗങ്ങളായ സാജിദ്, സി.എസ്. ഷനോസ്, സത്താർ, സനീഷ്, ഷമീർ എന്നിവരടങ്ങിയ സംഘമാണു പ്രതികളെ പിടികൂടിയത്.



